DESPATCHED
6/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1765*(2)/2020*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **14692**/*എസ്.ഐ.സി-ജി 6/20*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.രമേശൻ പി.,**
**പറച്ചാത്തം പൊറ്റ വീട്,**
**കാരാട് പറമ്പ് പി.ഒ.,**
**ഫറൂക്ക് കോളേജ് വഴി,**
**മലപ്പുറം ജില്ല, പിൻ – 673 632.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&**
**സെക്രട്ടറി,**
**വാഴയൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം,**
**കാരാട് പറമ്പ പി.ഒ., മലപ്പുറം ജില്ല,**
**പിൻ – 673 632.**

2. **അപ്പീൽ അധികാരി&**
**പഞ്ചായത്ത് അസി.ഡയറക്ടർ,**
**പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,**
**സിവിൽ സ്റ്റേഷൻ, മലപ്പുറം – 676 505.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 30.06.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 25.07.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 13.08.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 26.08.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 14.12. 2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 18.12. 2020 |
| ഹിയറിംഗ് നടന്ന തീയതി | 16.12.2022, വീഡിയോ കോൺഫറൻസിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 30.06.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) വാഴയൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 3ൽ സ്ഥിതി ചെയ്യുന്നതും പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ 382 നമ്പറായി എഴുതി ചേർത്ത വർഷം,

2) പ്രസ്തുത പത്രികയിൽ പറയുന്ന ശ്രീ.പുന്നത്ത് ആലുംപുറത്ത് മനോഹരൻ & സിന്ധു എന്നിവരുടെ വീട്ടിലേയ്ക്കുള്ള വഴിയിൽ തടസ്സമായി നിന്നിരുന്ന കല്ലുകൾ ആരാണ് കൂട്ടിയിട്ടിരുന്നതെന്നും

3)പ്രസ്തുത പത്രികയിൽ പറയുന്ന ശ്രീ.രമേശൻ പി., S/o അപ്പുട്ടി, പറച്ചാത്തംപൊറ്റ എന്നയാൾ ബലമായി നീക്കം ചെയ്യുവാൻ സമ്മതിക്കാതെയിരുന്നതുമായ കല്ലുകൾ എന്നു കാണുന്നുവെന്നും എന്നാൽ മേൽപ്പടിയാൻ ബലമായി കല്ലുകൾ നീക്കം ചെയ്യുവാൻ സമ്മതിക്കാതെയിരുന്നുവെന്ന് തെളിയിക്കുന്ന രേഖകൾ നൽകണമെന്നും,

4) പ്രസ്തുത പത്രികയിൽ പറയുന്ന 23.08.2018ലെ ഉത്തരവിന്റെ കോപ്പി നൽകണമെന്നും തുടങ്ങി 18 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 25.07.2020ന് മറുപടി നൽകിയതായി കാണുന്നു.

3. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 26.08.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് 25.07.2020ന് ക്രമനമ്പർ 1 മുതൽ 18 വരെയുള്ള ചോദ്യങ്ങൾക്ക് ലഭിച്ച മറുപടിയിൽ ഏത് ചോദ്യത്തിന് ലഭിച്ച മറുപടിയിലാണ് ആക്ഷേപമുള്ളത് എന്നു വ്യക്തമായി രേഖപ്പെടുത്തി കാണുന്നില്ലെന്നാണ്. അപ്പീൽ ഹർജിയിൽ വാഴയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി

ബഹു.തിരൂർ സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കിയ കാര്യ വിവരണ പത്രികയിലെ അടിസ്ഥാന വിവരങ്ങൾ രേഖാമൂലം ലഭിക്കുന്നതിന് വേണ്ടി 30.06.2020ന് അപേക്ഷ നൽകുകയും ആയതിന്മേൽ ഉചിതമായ മറുപടി ലഭിക്കാൻ വേണ്ടി അതേ അപേക്ഷ വീണ്ടും അപ്പീൽ നൽകുന്നു എന്നു മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നാണ്. ടി സാഹചര്യത്തിൽ ഒന്നാം അപ്പീലായി പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കുവാൻ ടി കാര്യാലയത്തിന് നിർവ്വാഹമില്ലാത്ത സ്ഥിതിയാണെന്നുമാണ്.

ആയതിനാൽ വാഴയൂർ ഗ്രാമപഞ്ചായത്ത് കാര്യലയത്തിലെ പൊതു ബോധന അധികാരി മുമ്പാകെ വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരം സമർപ്പിച്ചിരുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ പൊതുബോധന അധികാരിയിൽ നിന്നും ലഭിച്ച മറുപടിയിൽ ഏത് ചോദ്യത്തിന് ലഭിച്ച മറുപടിയിലാണ് ആക്ഷേപമെന്നും എന്താണ് ആക്ഷേപമെന്നും വ്യക്തമായി രേഖപ്പെടുത്തി വാഴയൂർ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ പൊതുബോധന അധികാരി മുമ്പാകെ സമർപ്പിച്ച അപേക്ഷ, ആയതിന് ലഭിച്ച മറുപടി എന്നിവ ഉള്ളടക്കം ചെയ്ത് 10 ദിവസത്തിനകം ഒന്നാം അപ്പീൽ അപേക്ഷ പുന:സമർപ്പിക്കാവുന്നതാണെന്നും ടി മറുപടി തൃപ്തികരമല്ലെങ്കിൽ വിവരാവകാശ നിയമം വകുപ്പ് 19(3) പ്രകാരം 90 ദിവസത്തനികം കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിക്കാവുന്നതാണെന്നുമാണ് അറിയിച്ചത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നാണ് ടിയാന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന്റെ അപേക്ഷയിലെ 9, 10, 11 എന്നീ നമ്പരായുള്ള ചോദ്യങ്ങൾക്ക് ടിയാന് മറുപടി നൽകുന്നതിനായി പ്രസ്തുത വിവരം നിക്ഷിപ്തമായ ഓഫീസിലേയ്ക്ക് വിവരാവകാശ നിയമം 6(3) പ്രകാരം കൈമാറിയിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. കൂടാതെ 28.01.2021ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ട് നടപ്പിലാക്കിയോ എന്നതു സംബന്ധിച്ച റിപ്പോർട്ട് ഇന്നേദിവസം 5

മണിക്കു മുമ്പുതന്നെ (16.12.2022) കമ്മീഷനിൽ സമർപ്പിക്കണമെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകി. ആയതു പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, പ്രസ്തുത റിപ്പോർട്ടിൽ പറയുന്ന പ്രകാരം ഹർജിക്കാരന്റെ അപേക്ഷയിൽ ടിയാൻ ആവശ്യപ്പെട്ട 2, 3, 8, 12, 13, 15, 16, 17 എന്നീ ചോദ്യങ്ങൾക്ക് വ്യക്തമായ രീതിയിൽ മറുപടി നൽകുകയും ചോദ്യം 4, 5 എന്നിവയ്ക്ക് 23.08.2018ലെ ഉത്തരവിന്റെ പകർപ്പ്, ആസ്തി രജിസ്റ്ററിന്റെ പകർപ്പ് എന്നിവ സൗജന്യമായി രജിസ്റ്റേർഡ് തപാലിൽ അയച്ചു നൽകിയിട്ടുണ്ടെന്നുമാണ്. കൂടാതെ ചോദ്യം നമ്പർ 3,12 എന്നിവയ്ക്ക് CMP/33/2018 ലെ 23/08/2018, 08/05/2019 തീയതികളിൽ ബഹു.തിരൂർ സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെ ഉത്തരവ് നടപ്പാക്കാൻ സാധിക്കാതിരുന്നത് സംബന്ധിച്ച് സ്ഥല പരിശോധന റിപ്പോർട്ട്, ടി വിവരം കാണിച്ചുകൊണ്ട് 06.06.2019 തീയതിയിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പും ഹർജിക്കാരന് സൗജന്യമായി രജിസ്റ്റേർഡ് തപാലിൽ അയച്ചു നൽകിയിട്ടുണ്ടെന്നും കമ്മീഷനെ ബോധിപ്പിക്കുന്നുവെന്നാണ്.

16.12.2022ലെ ഹിയറിംഗിലെ നിർദ്ദേശപ്രകാരം എസ്.പി.ഐ.ഒ.&എ.ഇ. എൽ.എസ്.ജി.ഡി. ഓഫീസിലേയ്ക്ക് 16.12.2022ൽ കത്തു നൽകുകയും ആയതു പ്രകാരം അപേക്ഷയിലെ 9, 10, 11 ചോദ്യങ്ങൾക്ക് എൽ.എസ്.ജി. ഡി. ഓഫീസിൽ നിന്നും അപേക്ഷകന് മറുപടി നൽകുന്നത് സംബന്ധിച്ച കത്തും ആയതിന്റെ പകർപ്പ് ടി ഓഫീസിൽ ലഭ്യമാക്കിയത് ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്.

5. മേൽപ്പടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 30-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/